വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

# വിക്കിസംഗമോത്സവം - 2012

**2012 ഏപ്രിൽ 21 - 22, കൊല്ലം**

**സംഘാടക സമിതി രൂപീകരണ യോഗം**
**കൊല്ലം ടൌൺ യു.പി സ്കൂളിൽ**
**2012 ഫെബ്രുവരി 15 ബുധനാഴ്ച്ച വൈകിട്ട് 4 ന്**

2012 ഫെബ്രുവരി 6

പ്രിയ സുഹൃത്തേ,

ഇന്റർനെറ്റ് അവലംബമാക്കി പ്രവർത്തിക്കുന്ന സ്വതന്ത്ര സർവ്വവിജ്ഞാനകോശമാണ് വിക്കിപീഡിയ. 2002 മുതൽ വിക്കിപീഡിയയുടെ മലയാളം പതിപ്പ് വൈജ്ഞാനിക മേഖലയിൽ നിസ്തുല സംഭാവന നൽകി പ്രവർത്തിച്ചുവരുന്നു. മലയാളം വിക്കീപീഡിയ എഴുത്തുകാരുടെ - വിക്കിപീഡിയ ഉപയോക്താക്കളുടെ - പ്രതിവർഷ സംസ്ഥാനതല കൂടിച്ചേരലായ "വിക്കിസംഗമോത്സവം 2012" ന് ഇത്തവണ വേദിയാകുന്നത് കൊല്ലം നഗരമാണ്.

ലോകമെമ്പാടുമുള്ള സാധാരണക്കാരും അഭ്യസ്തവിദ്യരുമായ ജനങ്ങൾ അവരവരുടെ അറിവുകൾ അന്യർക്ക് പ്രയോജനം ചെയ്യണമെന്ന ഉദ്ദേശത്തോടെ പൊതുവായി പങ്കുവെയ്ക്കുകയാണ് വിക്കിപീഡിയയിൽ ചെയ്യുന്നത്. ഇപ്രകാരം കൂട്ടായി രചിക്കുന്ന വിക്കിപീഡിയയിലെ ലേഖനങ്ങൾ ഇന്ന്, വിദ്യാർത്ഥികളുടെയും ബഹുജനങ്ങളുടെയും പ്രിയങ്കരവും വിശ്വസനീയവുമായ വിജ്ഞാന സ്രോതസ്സായി മാറിക്കൊണ്ടിരിക്കുന്നു.

കൊല്ലത്ത് നടക്കുന്ന വിക്കിപീഡിയ സംഗമോത്സവം വിക്കിപീഡിയയുടെ വളർച്ചയിൽ ഒരു നാഴികകല്ലായി മാറുമെന്ന് മലയാളം വിക്കി സമൂഹം പ്രതീക്ഷിക്കുന്നു. ഏപ്രിൽ 21, 22 തീയതികളിൽ കൊല്ലം നഗരത്തിൽ നടക്കുന്ന വിക്കിസംഗമോത്സവത്തിൽ വിക്കിപീഡിയന്മാരുടെയും വിക്കി വായനക്കാരുടെയും കൂടിച്ചേരലിന് പുറമേ വിവിധ സമാന്തര അവതരണങ്ങളും ഉണ്ടാവും. ഇ-മലയാളം, വിദ്യാഭ്യസരംഗത്തെ വിക്കിപീഡിയ, സ്വതന്ത്ര സർവ്വവിജ്ഞാനകോശത്തിന്റെ പ്രസക്തി, വിജ്ഞാനത്തിന്റെ പകർപ്പവകാശപ്രശ്നങ്ങൾ, വൈജ്ഞാനിക വ്യാപനത്തിനുതകുന്ന സാങ്കേതിക വിദ്യ തുടങ്ങി വിവിധ വിഷയങ്ങളിലായുള്ള പ്രബന്ധാവതരണങ്ങളും ചർച്ചകളും വിക്കിപീഡിയ എഡിറ്റിംഗിൽ പ്രായോഗിക പരിശീലനവും ഉണ്ടാവും.

വിക്കിപീഡിയയുടെ സാദ്ധ്യതകൾ കൊല്ലം നിവാസികളിലേക്ക് എത്തിക്കുന്നതിനുള്ള അനുബന്ധപരിപാടികളും കൊല്ലത്തിന്റെ ചരിത്രവും വിജ്ഞാനവും ഈ സർവ്വവിജ്ഞാനകോശത്തിലേക്ക് ഉൾച്ചേർക്കുന്നതിനുള്ള ശ്രമവും വിക്കിസംഗമോത്സവത്തിന്റെ ഭാഗമായി ഉണ്ടാവണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

കേരളത്തിനകത്തും പുറത്തും വിക്കിപീഡിയയിൽ സന്നദ്ധപ്രവർത്തനം നടത്തുന്നവരുടെ ഈ കൂടിച്ചേരൽ വിജയിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനും സംഘാടക സമിതി രൂപീകരണത്തിനുമായി ഫെബ്രുവരി 15 വൈകിട്ട് 4 ന് കൊല്ലം ടൌൺ യു.പി സ്കൂളിൽ ചേരുന്ന യോഗത്തിൽ താങ്കൾ പങ്കെടുക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,

മലയാളം വിക്കി സമൂഹത്തിനുവേണ്ടി

കണ്ണൻഷണ്മുഖം


http://ml.wikipedia.org/wiki/user:Fotokannan
ml.wikipedia@gmail.com
944798697
(http://ml.wikipedia.org)